(സി) പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം ത്വരിപ്പെടുത്തുന്നതിന്റെ ഭാഗമായി നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി അതാത് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ പ്രത്യേകം ചുമതലപ്പെടുത്തിയിരുന്നു. പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ നടപടിക്രമങ്ങളുടെയും പുരോഗതി അവലോകനം ചെയ്യുന്നതിനായി RIAB -നെയും ചുമതലപ്പെടുത്തിയിരുന്നു. കൂടാതെ വ്യവസായവകുപ്പിലെയും RIAB-ലെയും ഉദ്യോഗസ്ഥർ പ്രോജക്ട് സൈറ്റുകൾ സന്ദർശിച്ച് പുരോഗതി വിലയിരുത്തുകയും ചെയ്തിരുന്നു. മാത്രമല്ല മാസംതോറുമുള്ള മന്ത്രിതല അവലോകന യോഗത്തിൽ ഈ പദ്ധതികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

(ഡി) പുതിയതായി ആരംഭിച്ച യൂണിറ്റുകളിലേക്കും വിപുലീകരണ പദ്ധതികളിലേക്കുമായി നേരിട്ട് 1919 പേർക്ക് പുതുതായി ജോലി ലഭിക്കും. പത്രങ്ങളിലൂടെ വിജ്ഞാപനം പ്രസിദ്ധീകരിച്ച് അപേക്ഷകൾ ക്ഷണിക്കുന്നതിനും എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ സുതാര്യമായ നടപടിക്രമങ്ങളിലൂടെ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനും Kerala State Productivity, Council, KITCO, National Institute of Personnel Management (NIPM) എന്നീ പ്രൊഫഷണൽ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഏജൻസികൾ നിയമന നടപടികൾ നടത്തിവരുന്നു.

(ഇ) Kerala Minerals and Metals Ltd., Malabar Cements Ltd. എന്നീ സ്ഥാപനങ്ങൾ അവയുടെ മിച്ച ഫണ്ട് മറ്റ് ഫാക്ടറിയുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി ഉപയോഗിക്കുന്നു.

ആലുവ എടയാറിലെ വ്യവസായ പാർക്ക്

193(900) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ എടയാറിൽ ആരംഭിക്കുന്ന വ്യവസായ പാർക്കിന്റെ നിർമ്മാണം ഏതുഘട്ടംവരെയായിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവിടെ ആരംഭിക്കുന്ന വ്യവസായ പാർക്കിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വ്യവസായപാർക്ക് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലുവ എടയാറിൽ ആരംഭിക്കുന്ന വ്യവസായ സമുച്ചയത്തിന്റെ ഒന്നാം നിലയുടെ കോൺക്രീറ്റിംഗ് ഒരാഴ്ചക്കുള്ളിൽ പൂർത്തിയാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എറണാകുളം ജില്ലയിൽ വ്യവസായ സംരംഭകർക്കാവശ്യമായ സ്ഥലത്തിന് ദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ ഇന്ത്യയിലെ തന്നെ മറ്റു മഹാനഗരങ്ങളിൽ വിജയമായിത്തീർന്ന ബഹുനില വ്യവസായ സമുച്ചയം എന്ന ആശയമാണ് എടയാറിൽ പ്രാവർത്തികമാക്കുന്നത്. ഈ സമുച്ചയത്തിൽ ഒരു കൂട്ടം വ്യവസായങ്ങളെ ഒരേ കെട്ടിടത്തിൽത്തന്നെ പ്രവർത്തിപ്പിക്കുന്നതിനും, ഇതുമൂലം സ്ഥലപരിമിതി മറികടക്കുന്നതിനും കൂടാതെ ഈ വ്യവസായ സമുച്ചയത്തിലെ വ്യവസായങ്ങൾക്കാവശ്യമായ പൊതുഘടകങ്ങൾ ഏകോപിപ്പിക്കുന്നതിനും സാധിക്കും. എടയാറിൽ 85 സെന്റ് സ്ഥലത്ത് 15 യൂണിറ്റുകൾക്ക് പ്രവർത്തിക്കാവുന്ന 3 നിലകളോടുകൂടിയ വ്യവസായ സമുച്ചയമാണ് പൂർത്തീകരിച്ചുവരുന്നത്. പ്രസ്തുത വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണത്തിന്റെ ചുമതല തിരുവനന്തപുരം കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(സി) ഉദ്ദേശം 16 മാസത്തിനുള്ളിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മലപ്പുറം വ്യവസായ വളർച്ചാകേന്ദ്രത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സംരംഭങ്ങൾ

194(801) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം വ്യവസായ വളർച്ചാകേന്ദ്രത്തിൽ എന്തെല്ലാം പുതിയ വ്യവസായ സംരംഭങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ;

(ബി) പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കും ;

(സി) ഇൻകെൽ-നു പാട്ടത്തിന് കൈമാറിയ ഭൂമിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പുതിയ പദ്ധതികളിൽ സംസ്ഥാന സർക്കാർ പങ്കാളിയാകാൻ ഉദ്ദേശിക്കുന്നുണ്ടോ ; സർക്കാർ-സ്വകാര്യനിക്ഷേപവിഹിതം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിലെ ഉദ്ദേശം 183 ഏക്കർ സ്ഥലത്ത് എജ്യുക്കേഷൻ ഹബ്ബും ഹെൽത്ത് ഹബ്ബും അടങ്ങിയ എജ്യു-ഹെൽത്ത് സിറ്റിയും ഏകദേശം 60 ഏക്കർ സ്ഥലത്ത് മീഡിയം-സ്മാൾ സ്കെയിൽ ഇൻഡസ്ട്രിയൽ പാർക്കും ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ടി. സംരംഭങ്ങൾക്കുവേണ്ടി വ്യവസായ സംരംഭകരിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്.

(ബി) പദ്ധതികൾ 3-4 മാസങ്ങൾക്കുള്ളിൽ തുടങ്ങുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly